## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1902 07.12.2015 ലെ മറുപടിക്ക്

ചോദ്യം:
ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ഉത്തരം:
ശ്രീ.ഉമ്മൻചാണ്ടി
ബഹു മുഖ്യമന്ത്രി

## 'അടിസ്ഥാന സൗകര്യ വികസനം'

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി ചില പ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കുമോ; | വിഴിഞ്ഞം തുറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, കോട്ടയം മൊബിലിറ്റി ഹബ് തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലര വർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | പ്രസ്തുത പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | 2011 മുതൽ ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം; ഓരോ വർഷവും ഓരോ പദ്ധതിയ്ക്കുമായി അനുവദിക്കപ്പെട്ട തുക എത്രയെന്നും ആയതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കാതെ അവശേഷിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ? | 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

(തുക ലക്ഷത്തിൽ)

| പദ്ധതിയുടെ പേര് | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 (സെപ്തംബർ വരെ) | |
|---|---|---|---|---|---|---|---|---|---|---|
| | വകയിരുത്തിയ വിഹിതം | യഥാർത്ഥ ചെലവ് | വകയിരുത്തിയ വിഹിതം | യഥാർത്ഥ ചെലവ് | വകയിരുത്തിയ വിഹിതം | യഥാർത്ഥ ചെലവ് | വകയിരുത്തിയ വിഹിതം | യഥാർത്ഥ ചെലവ് | വകയിരുത്തിയ വിഹിതം | യഥാർത്ഥ ചെലവ് |
| വിഴിഞ്ഞം തുറമുഖ പദ്ധതി | 19785.00 | 19785.00 | 22368.00 | 22368.00 | 10000.00 | 10000.00 | 1.00 | 0.00 | 1.00 | 0.00 |
| സ്മാർട്ട് സിറ്റി | 1000.00 | 500.00 | 1250.50 | 1250.50 | 0.00 | 0.00 | 112.00 | 112.00 | 0.00 | 0.00 |
| കൊച്ചി മെട്രോ പദ്ധതി | 7800.00 | 5300.00 | 43325.00 | 39425.00 | 23401.00 | 23400.00 | 30371.00 | 28200.00 | 1.00 | 19670.00 |
| കണ്ണൂർ വിമാനത്താവളം | 8681.01 | 8221.00 | 25696.01 | 25608.00 | 3.01 | 2.03 | 4.00 | 3.00 | 1.01 | 0.00 |
| കോട്ടയം-കുമരകം-ചേർത്തല ടൂറിസ്റ്റ് ഹൈവേ | 0.01 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| കോട്ടയം മൊബിലിറ്റി ഹബ് | 0.00 | 0.00 | 1000.00 | 0.00 | 0.01 | 0.00 | 0.01 | 0.00 | 0.01 | 0.00 |
| മലയോര വികസന അതോറിറ്റി/ഏജൻസി | 100.00 | 100.00 | 1130.00 | 1130.00 | 4250.00 | 3950.00 | 7000.00 | 3800.00 | 7000.00 | 0.00 |
| ഹിൽ ഹൈവേ | 0.00 | 0.00 | 0.00 | 0.00 | 622.39 | 622.39 | 898.46 | 898.46 | 906.10 | 708.39 |
| വർക്കലയുടെ സമഗ്ര വികസനം | 75.00 | 75.00 | 100.00 | 75.00 | 200.00 | 200.00 | 220.00 | 160.00 | 250.00 | 0.00 |
| വള്ളുവനാട് വികസന അതോറിറ്റി | 0.01 | 0.00 | 0.00 | 0.00 | 50.00 | 20.64 | 30.84 | 62.00 | 0.00 | 0.00 |
| ഭരണങ്ങാനം വികസന അതോറിറ്റി | 0.01 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |

2013-14 സാമ്പത്തിക വർഷം മുതൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തുന്ന സമാഹൃത ഫണ്ടിൽ നിന്നാണ് ഓരോ പദ്ധതിക്കും ആവശ്യകത അനുസരിച്ച് തുക റീ അലോട്ട് ചെയ്യുന്നത്. ഇപ്രകാരം വകയിരുത്തിയ സമാഹൃത ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| 2013-14 ൽ വകയിരുത്തിയ വിഹിതം | 2014-15 ൽ വകയിരുത്തിയ വിഹിതം | 2015-16 ൽ വകയിരുത്തിയ വിഹിതം |
|---|---|---|
| (തുക കോടിയിൽ) | | |
| 846.03 | 1225.00 | 2000.00 |

സെക്ഷൻ ഓഫീസർ